## മാരാമൺ കൺവൻഷൻ ഗാനങ്ങൾ - 2019

2019ലെ മാരാമൺ കൺവൻഷനിലേക്ക് പുതിയ ഗാനങ്ങൾ ക്ഷണിക്കുന്നു. ആത്മീയ അനുഭവവും സുവിശേഷദർശനവും സാമൂഹ്യ അവബോധവും സാഹിത്യ - സംഗീത മുല്യവും വിശ്വാസികൾക്ക് ചേർന്ന് പാടുവാൻ സഹായിക്കുന്നതുമായ ഗാനങ്ങൾ പ്രതീക്ഷിക്കുന്നു. ഗാനങ്ങളുടെ ഈണം സി.ഡി യിൽ റെക്കാർഡ് ചെയ്തും വരികൾ എഴുതിയും സമർപ്പിക്കേണ്ടതാണ്. ഗാനങ്ങൾ കീബോർഡിന്റെ പശ്ചാത്തലസംഗീതം പരമാവധി കുറച്ച് മാത്രം ഉപയോഗിച്ച് റിക്കാർഡ് ചെയ്യേണ്ടതാണ്. താഴെപ്പറയുന്ന കാര്യങ്ങൾ ചേർത്ത് കത്ത് വയ്ക്കേണ്ടതാണ്.

1. രചന, സംഗീതം എന്നിവ നിർവ്വഹിച്ചവരുടെ പേരുവിവരങ്ങൾ, അഡ്രസ്സ്, ഫോൺ, ഈ-മെയിൽ
2. ഗാനങ്ങൾ സ്വന്തസൃഷ്ടികളാണെന്നും അച്ചടിച്ചോ, റിക്കാർഡ് ചെയ്തോ, മറ്റേതെങ്കിലും മാധ്യമങ്ങളിലൂടെയോ മുമ്പ് പ്രസിദ്ധീകരിച്ചവയല്ലെന്നും പ്രസ്താവിക്കുന്ന സ്വന്തം സാക്ഷ്യപത്രം.
3. വരികളിലോ ഈണത്തിലോ ആവശ്യമെങ്കിൽ ഭേദഗതികൾ വരുത്തുന്നതിന് പൂർണ്ണ സ്വാതന്ത്ര്യം നൽകുന്ന സമ്മതപത്രം.
4. കവറിന് പുറത്ത് മാരാമൺ കൺവൻഷൻ ഗാനങ്ങൾ 2019 എന്ന് എഴുതിയിരിക്കണം ഗാനങ്ങൾ ലഭിക്കേണ്ട അവസാന തീയതി 2018 സെപ്റ്റംബർ 28.

### മാരാമൺ കൺവൻഷൻ ഗായകസംഘം

2019ലെ മാരാമൺ കൺവൻഷൻ ഗായകസംഘാംഗങ്ങളെ തെരഞ്ഞടുക്കുന്നതിനുള്ള ശബ്ദപരിശോധന തിരുവല്ല ഡി.എസ്.എം.സി. ഹാളിൽ 2018 ഒക്ടോബർ 2-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.30ന് ആരംഭിക്കും. രജിസ്ട്രേഷൻ ഫോമുകൾ ഡി.എസ്.എം.സി ഓഫീസിൽ നിന്ന് ലഭിക്കും. www.marthoma.in / www.marthomadsmc.com എന്ന വെബ്സൈറ്റിലും പ്രസ്തുത ഫോറം ലഭ്യമാണ്. ശബ്ദ പരിശോധനയിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന. ഡി.എസ്.എം.സി യിൽ രജിസ്റ്റർ ചെയ്ത ഇടവകഗായകസംഘത്തിലെ അംഗങ്ങൾ ഇടവക വികാരിയുടെ സാക്ഷ്യപത്രം സഹിതം പൂരിപ്പിച്ച രജിസ്ട്രേഷൻ ഫോമുകൾ സെപ്റ്റംബർ 24ന്, 5 പി.എം. ന് മുമ്പ് ഡി.എസ്.എം.സി ഓഫിസിൽ ലഭ്യമായിരിക്കണം. കവറിനു പുറത്ത് **മാരാമൺ ഗായകസംഘം 2019** എന്ന് എഴുതിയിരിക്കണം. 2018 മാരാമൺ കൺവൻഷൻ ഗീതങ്ങളിലെ 25-ാമത് പാട്ട് "അനുതാപഹൃദയം തരണെ" എന്ന ഗാനം ശബ്ദപരിശോധനയ്ക്ക് ആലപിക്കേണ്ടതാണ്. കുറഞ്ഞ പ്രായപരിധി 12 വയസ്സ്.

രജിസ്ട്രേഷൻ ഫോമും ഗാനങ്ങളും നൽകേണ്ട വിലാസം റവ. ആശിഷ് തോമസ് ജോർജ്, ഡയറക്ടർ ഡി.എസ്.എം.സി., എസ്.സി.എസ് ക്യാമ്പസ്, തിരുവല്ല - 1 ഫോൺ 914692601081, email.directordsmc@gmail.com

### ഗാനങ്ങൾ ക്ഷണിക്കുന്നു

ഡി.എസ്.എം.സി പ്രസിദ്ധീകരിക്കുന്ന **പുൽക്കൂട്ടിൽ പൂക്കാലം** ക്രിസ്തുമസ് ആൽബത്തിൽ ഉൾപ്പെടുത്തുന്നതിനായി പുതിയ ക്രിസ്തുമസ് ഗാനങ്ങൾ ക്ഷണിക്കുന്നു. ഗാനങ്ങൾ സി.ഡി യിൽ റെക്കാർഡ് ചെയ്ത് നൽകേണ്ട വിലാസം: Director Department of Sacred Music & Communications, SCS Campus, Tiruvalla - 1 Tel: 0469-2601081 അവസാന തീയതി സെപ്റ്റംബർ 26.

### ഡി.എസ്.എം.സി ഗായകസംഘം

ഡി.എസ്.എം.സി ഗായകസംഘത്തെ തെരഞ്ഞെടുക്കുന്നതിനുള്ള ശബ്ദപരിശോധന 2018 ഒക്ടോബർ മാസം 7-ാം തീയതി ഞായറാഴ്ച ഉച്ചയ്ക്ക് 12.00 മുതൽ ഡി.എസ്.എം.സി ഹാളിൽ വെച്ച് നടത്തപ്പെടുന്നു. രജിസ്ട്രേഷൻ ഫോമുകൾ ഡി.എസ്.എം.സി ഓഫിസിൽ ലഭ്യമാണ്. ഡി.എസ്.എം.സിയിൽ രജിസ്ട്രേഷൻ ചെയ്ത ഗായകസംഘാംഗങ്ങൾ ഇടവക വികാരിയുടെ സാക്ഷ്യപത്രത്തോടെ പൂരിപ്പിച്ച അപേക്ഷ ഫോമുകൾ സെപ്റ്റംബർ 29, 5 പി.എം. ന് മുമ്പ് ഡി.എസ്.എം.സി. ഓഫിസിൽ നൽകേണ്ടതാണ്. ക്രിസ്തീയ കീർത്തനങ്ങൾ 472-ാം ഗീതം "ഇതുവരെ എന്നെ കരുതിയ നാഥാ" എന്ന ഗാനം ആലപിക്കേണ്ടതാണ്. പ്രായപരിധി 9 വയസ്സ്.